**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5703** **24-03-2025 - ൽ മറുപടിയ്ക്ക്**

**കോതാട്-ചേന്നൂർ പാലം നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന കോതാട്-ചേന്നൂർ പാലത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം തയ്യാറാക്കിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റിന് സർക്കാരിൽ നിന്നും 06.11.2021 തീയതിയിലെ സ.ഉ (സാധാ) നം. 2200/2021/ത.സ്വ.ഭ.വ., 12 .12.2024 തീയതിയിലെ സ.ഉ (സാധാ ) നം. 2449/2024/ ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ 17.72 ആർ സ്ഥലം പൊന്നുംവില നടപടി പ്രകാരം ഏറ്റെടുക്കുന്നതിന് വൈറ്റില എൻ.എച്ച്.3 സ്പെഷ്യൽ തഹസീൽദാരെ ലാൻഡ് അക്വിസിഷൻ ഓഫീസറായി (LAO) എറണാകുളം ജില്ലാ കളക്ടർ നിയോഗിച്ചിട്ടുള്ളതും നടപടികൾ തുടർന്നുവരുന്നതുമാണ്. ഇരു കരകളിലുമായി വാട്ടർ മെട്രോ നേരത്തേ ഏറ്റെടുത്ത സ്ഥലത്തിൽ നിന്ന് 6. 87 ആർ സ്ഥലം പാലം നിർമ്മാണ ആവശ്യത്തിന് ഉപയോഗിക്കുന്നതിനുള്ള നിരാക്ഷേപപത്രം ലഭിക്കുന്നതിന് ട്രാൻസ്പോർട്ട് സെക്രട്ടറി മുമ്പാകെ 03.02.2025-ൽ അപേക്ഷ നൽകിയിട്ടുണ്ട്. CRZ അനുമതിയ്ക്ക് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA ) മുമ്പാകെ അപേക്ഷ നൽകുന്നതിനുള്ള Environmental Impact Assessment (EIA) പഠന രേഖകൾ തയ്യാറാക്കി വരുന്നു. |
| (ബി) | വർഷങ്ങൾക്ക് മുൻപ് നിശ്ചയിക്കപ്പെട്ട പാലത്തിന്റെ അലൈൻമെന്റിൽ ഉൾപ്പെട്ടിരുന്ന സ്ഥലം വാട്ടർ മെട്രോയുടെ കോതാട് ടെർമിനലിനായി ഏറ്റെടുത്തതിനാൽ നിർമ്മാണ നടപടി സ്തംഭിച്ചിരിക്കുന്ന കോതാട്-ചേന്നൂർ പാലം നിർമ്മിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | വാട്ടർ മെട്രോ അധികൃതരുമായി പല പ്രാവശ്യം ചർച്ച നടത്തുകയും, വാട്ടർ മെട്രോ നിർദ്ദേശിച്ച പ്രകാരം ഡിസൈനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുള്ളതാണ്. വാട്ടർ മെട്രോ ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിൽ നിന്ന് പാലം നിർമ്മാണത്തിന് വേണ്ടി വരുന്ന 6.87 ആർ സ്ഥലത്തിന്റെ നിരാക്ഷേപ പത്രം നൽകണമെന്ന് കാണിച്ച് ട്രാൻസ്പോർട്ട് സെക്രട്ടറിയ്ക്ക് 03.02.2025-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ |

| | | | |
|---|---|---|---|
| | | | ട്രാൻസ്പോർട്ട് വകുപ്പിൽ E2/30/2025 നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |
| (സി) | പാലത്തിന്റെ അലൈൻമെന്റിൽ മാറ്റം സാധ്യമല്ലെന്നിരിക്കെ പാലം നിർമ്മാണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വാട്ടർ മെട്രോ ഏറ്റെടുത്തിരിക്കുന്ന സ്ഥലം വിട്ടുകിട്ടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | വാട്ടർ മെട്രോ ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിൽ നിന്ന് പാലം നിർമ്മാണത്തിന് വേണ്ടി വരുന്ന 6.87 ആർ സ്ഥലത്തിന്റെ നിരാക്ഷേപ പത്രം നൽകണമെന്ന് കാണിച്ച് ട്രാൻസ്പോർട്ട് സെക്രട്ടറിയ്ക്ക് 03.02.2025-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ ട്രാൻസ്പോർട്ട് വകുപ്പിൽ E2/30/2025 നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ